# കൃഷി വിജ്ഞാന കേന്ദ്രം-ആലപ്പുഴ
# ICAR-KRISHI VIGYAN KENDRA - ALAPPUZHA

ICAR-കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം, പ്രാദേശിക കേന്ദ്രം, കായംകുളം
കൃഷ്ണപുരം – 690 533, കേരളം

വാല്യം 18 ലക്കം -02
Vol. 18 Issue - 02

ഏപ്രിൽ – ജൂൺ 2020
April - June 2020

# വാർത്താപത്രിക
# NEWSLETTER

QR CODE


# മഞ്ഞളിന്റെ ഉത്പാദന വിപണന ശൃംഖലാ പദ്ധതി




സുഗന്ധവ്യഞ്ജന വിളകളുടെ പ്രത്യേകിച്ച് മഞ്ഞളിന്റെ കൃഷിക്കും കയറ്റുമതിക്കും വളരെയധികം പ്രശസ്തി ആർജ്ജിച്ചിരുന്ന ഒരു പ്രദേശമായിരുന്നു ആലപ്പുഴ ജില്ല. എന്നാൽ മികച്ച ഇനങ്ങളുടേയും നടീൽ വസ്തുക്കളുടേയും അഭാവം, കൃത്യമായ പരിചരണരീതികൾ അവലംബിക്കാതെയുള്ള കൃഷിരീതികൾ, രോഗകീടങ്ങളുടെ ആധിക്യം, വിലയിലുണ്ടാകുന്ന വ്യതിയാനം, വിപണന സംസ്കരണ സൗകര്യങ്ങളുടെ അഭാവം തുടങ്ങിയ കാരണങ്ങളാൽ കൃഷി വളരെയധികം കുറഞ്ഞു. ഈ സാഹചര്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് മഞ്ഞൾ കൃഷിയും അനുബന്ധ പ്രവർത്തനങ്ങളും പുനരുജ്ജീവിപ്പിക്കാൻ ആലപ്പുഴ ജില്ലാ കൃഷിവിജ്ഞാന കേന്ദ്രം നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ ഭരണിക്കാവ് ബ്ലോക്കിൽ രൂപീകരിച്ച 'ഓണാട്ടുകര സുഗന്ധ വ്യഞ്ജന കർഷക ഉദ്പാദക കമ്പനി'യുടെ തുടർച്ചയായി നടപ്പിലാക്കുന്ന ഒരു പ്രധാന പദ്ധതിയാണ് 'മഞ്ഞളിന്റെ ഉത്പാദന - വിപണന ശൃംഖലാ' പദ്ധതി. ചെങ്ങന്നൂർ ബ്ലോക്കിലെ ബുധനൂർ, പുലിയൂർ, ചെറിയനാട്, വെണ്മണി, മുളക്കുഴ പഞ്ചായത്തുകളിലും മാവേലിക്കര ബ്ലോക്കിലെ തഴക്കര, ചെട്ടിക്കുളങ്ങര, ചെന്നിത്തല, തെക്കേക്കര, മാന്നാർ പഞ്ചായത്തുകളിലുമാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. തെക്കേക്കര, വെണ്മണി, മാന്നാർ, പുലിയൂർ പഞ്ചായത്തുകളിൽ ഈ വർഷം 100 കർഷകർ മഞ്ഞൾ കൃഷി ആരംഭിച്ചുകഴിഞ്ഞു. അത്യുത്പാദനശേഷിയുള്ള മഞ്ഞളിനങ്ങളായ പ്രതിഭ, പ്രഗതി എന്നിവയുടെ കൃഷി പ്രോത്സാഹിപ്പിക്കൽ, ശാസ്ത്രീയ വിളപരിപാലനരീതികൾ, കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ, ഉത്പന്ന സമാഹരണം എന്നിങ്ങനെ മഞ്ഞൾ കൃഷിയുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിച്ച് രജിസ്റ്റർ ചെയ്ത കർഷക കൂട്ടായ്മകൾ വഴിയാണ് പദ്ധതി നടപ്പിലാക്കുന്നത്. കുറഞ്ഞത് 10 സെന്റ് സ്ഥലത്തെങ്കിലും ഓരോ കർഷകനും മഞ്ഞൾ കൃഷി ചെയ്യത്തക്ക രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. വിളവെടുപ്പിനുശേഷം കേന്ദ്രീകൃതമായ സംഭരണ-സംസ്ക്കരണ-വിപണന പ്രവർത്തനങ്ങൾ നടപ്പിലാക്കും. മഞ്ഞൾ സംസ്കരണത്തിനായി ടർമറിക് ബോയിലർ, ടർമറിക് പോളിഷർ, പൾവറൈസർ തുടങ്ങി ആവശ്യമായ എല്ലാ ഉപകരണങ്ങളും ഉള്ള കേന്ദ്രീകൃത സംസ്ക്കരണ യൂണിറ്റും സ്ഥാപിക്കും. പദ്ധതി നടപ്പിലാകുന്നതോടെ അടുത്ത മൂന്ന് വർഷം കൊണ്ട് ആലപ്പുഴ ജില്ലയിൽ മഞ്ഞൾ കൃഷിയുടെ ഒരു വലിയ മുന്നേറ്റമുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.




**കെ. വി. കെ. യുമായി ബന്ധപ്പെടാൻ...**

**ഹെഡ്,**
**കൃഷി വിജ്ഞാന കേന്ദ്രം–ആലപ്പുഴ, സി.പി.സി.ആർ.ഐ.(ആർ.എസ്.),**
**കായംകുളം, കൃഷ്ണപുരം പി.ഒ.–690533.**
**ഫോൺ/ഫാക്സ് : 0479 2449268,0479 2959268, 9447790268**
Email: kvkalapuzha@gmail.com | www.kvkalappuzha.org



ഭയമല്ല ജാഗ്രതയാണ് വേണ്ടത്
ഒന്നിച്ച് നേരിടാം കരുതലോടെ
Break the Chain
കൈവിടാതിരിക്കാം... കൈ കഴുകൂ...

# നെൽകൃഷിയിലെ സമ്പൂർണ്ണ യന്ത്രവത്ക്കരണം



കേരളത്തിലെ നെൽകൃഷി മേഖലയിൽ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും മനുഷ്യാധ്വാനം ലഘൂകരിച്ച് കൃഷി ച്ചെലവ് കുറയ്ക്കുന്നിനും കാർഷിക യന്ത്രവത്ക്കരണം അനിവാര്യമാണ്. ഇതിന്റെ പ്രാധാന്യം മുൻനിർത്തി ഒരു മുൻനിര പ്രദർശന പരിപാടി 2019 പുഞ്ച സീസണിൽ ചെന്നി ത്തല പഞ്ചായത്തിലെ 11-ാം ബ്ലോക്ക് പാടശേഖരത്തിൽ സംഘടിപ്പിച്ചു. ട്രാക്ടർ ഉപയോഗിച്ചുള്ള നിലമൊരുക്കലി നൊപ്പം, ഡിസ്പെൻസർ ഉപയോഗിച്ചുള്ള കുമ്മായം/ഡോളമൈറ്റ് പ്രയോഗം, വിതയന്ത്രം (ഡ്രം സീഡർ) ഉപയോഗിച്ചുള്ള വിത്തിടീൽ, പവർ വീഡർ ഉപ യോഗിച്ചുള്ള കളനിയന്ത്രണം, കളനാശിനി/സ്യൂഡോമോ ണാസ് എന്നിവ തളിക്കാനായി പവർ സ്പെയറിന്റെ ഉപ യോഗം, കമ്പൈൻഡ് ഹാർവസ്റ്റർ ഉപയോഗിച്ചുള്ള വിളവെ ടുപ്പ് എന്നിങ്ങനെ നെൽകൃഷിയിൽ സാധ്യമായ എല്ലാ മേഖ ലകളിലും യന്ത്രവത്കൃത കൃഷിരീതികളാണ് 2 ഹെക്ടർ സ്ഥലത്ത് കർഷക പങ്കാളിത്തത്തോടെ നടപ്പാക്കിയത്. സാധാരണ കൃഷിരീതിയുമായി താരതമ്യം ചെയ്യുമ്പോൾ യന്ത്രവത്കൃത കൃഷിയിൽ കൂലി ഹെക്ടറിന് 6812 രൂപ കുറ യ്ക്കുവാൻ കഴിഞ്ഞു. ഡോളമൈറ്റ് ഡിസ്പെൻസർ ഉപയോഗിക്കുക വഴി നിലമൊരുക്കുന്നതോ ടൊപ്പം മണ്ണിലേക്ക് ഡോളമൈറ്റ്/കുമ്മായം നന്നായി കൂട്ടിച്ചേർത്തത് കാര്യക്ഷമമായി പ്രവർത്തിക്കാൻ സഹായിച്ചു. വിതയന്ത്രം ഉപയോഗിക്കുക വഴി വിത്തിന്റെ അളവ് നാലിലൊന്നായി കുറ യ്ക്കാൻ സാധിച്ചതായും കൂടാതെ നെൽച്ചെടികൾ കരു ത്തുള്ളവ ആയതിനാൽ വേനൽമഴയിൽ ചാഞ്ഞ് വീഴാതെ നിൽക്കുകയും കൊയ്ത്ത് ചെലവിൽ കാര്യമായ കുറവു ണ്ടായതായും കർഷകർ അഭിപ്രായപ്പെട്ടു. വിളവിലെ വർദ്ധ നയും കൃഷിച്ചെലവിലെ കുറവുംമൂലം ഹെക്ടറിന് 45015 രൂപ വരെ അധികം ലഭിച്ചതായും കർഷകർ രേഖപ്പെടുത്തി.





# വാഴയിലെ പോഷക അപര്യാപ്തത പരിഹരിക്കാം

തുടർച്ചയായി വാഴകൃഷി ചെയ്യുന്ന തോട്ടങ്ങളിൽ കുമ്മായത്തിന്റെയും സമീകൃത വളപ്രയോഗത്തിന്റെയും അഭാവത്താൽ ഉയർന്ന അമ്ലത്വവും കാത്സ്യം, മഗ്നീഷ്യം, ബോറോൺ തുടങ്ങിയ മൂലകങ്ങളുടെ കുറവും കണ്ട് വരുന്നു. പ്രധാന മൂലകങ്ങളായ N, P, K എന്നിവ വാഴയ്ക്ക് നൽകാൻ കർഷകർ ശ്രദ്ധിക്കാറുണ്ടെങ്കിലും സൂക്ഷ്മമൂലകങ്ങൾ സാധാരണയായി വളമായി നൽകാറില്ല. അതിനാൽ വാഴകൃഷിയിൽ സംയോജിത വളപ്രയോഗരീതി അവലംബിക്കേണ്ടത് വളരെ അത്യാവശ്യമാണ്. ഇലകൾ വിരിയാതെ ചുരുണ്ടിരിക്കുന്നത് ബോറോണിന്റെയും ഇലത്തണ്ടിന്റെ അരികുകളിൽ വയലറ്റ് നിറം കാണുന്നത് സിങ്കിന്റെയും അഭാവലക്ഷണങ്ങളാണ്. ഇതിനു പരിഹാരമായി കേരള കാർഷിക സർവ്വകലാശാല തയ്യാറാക്കിയ ദ്വിതീയ സൂക്ഷ്മമൂലക മിശ്രിത മാണ് 'സമ്പൂർണ്ണ'. ഇതിൽ സിങ്ക് (3.0 – 4.0%), ബോറോൺ (3.5 – 4.5%), ചെമ്പ് (0.5 – 0.75%), മാംഗനീസ് (<0.2%), മോളിബ്ഡിനം (<0.01%) എന്നിവ കൂടാതെ പൊട്ടാസ്യം, മഗ്നീഷ്യം, സൾഫർ എന്നീ മൂലകങ്ങളും അടങ്ങിയിട്ടുണ്ട്. ഈ മിശ്രിതം 10 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ ലയിപ്പിച്ച് അരിച്ച് സ്പ്രേയറുകൾ ഉപയോഗിച്ച് ഇലകളിലാണ് തളിക്കേണ്ടത്. വാഴനട്ട് 2, 4, 6, 8 മാസങ്ങളിൽ ഈ മിശ്രിതം തളിക്കാവുന്നതാണ്. കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ നേതൃത്വത്തിൽ താമരക്കുളം, വള്ളികുന്നം പഞ്ചായത്തുകളിൽ നടത്തിയ മുൻനിര പ്രദർശന പരിപാടിയിൽ "സമ്പൂർണ്ണ" ഉപയോഗിച്ചപ്പോൾ വാഴയുടെ വളർച്ച, ഇലകളുടെ എണ്ണം എന്നിവയിലും വിളവിലും (27%) വർദ്ധനവ് ഉണ്ടായത് കർഷകർ നേരിൽക്കണ്ട് ബോധ്യപ്പെട്ടു. ഈ മിശ്രിതം കൃഷി വിജ്ഞാനകേന്ദ്രത്തിൽ ലഭ്യമാണ്.



# കന്നുകാലികളിലെ കാണാമറയത്തെ അകിടുവീക്കത്തെ കരുതിയിരിക്കണം



പാലുത്പാദനത്തിന്റെ കാര്യത്തിൽ ഭാരതം ഇന്ന് ലോക രാജ്യങ്ങളിൽ ഒന്നാം സ്ഥാനത്താണെങ്കിലും ഉത്പാദനക്ഷമതയിൽ വളരെ പിന്നിലാണ്. ഇതിന് പ്രധാന കാരണം അകിട്‌വീക്കം പോലുള്ള രോഗങ്ങളാണ്. പാലുത്പാദനം 15% വരെ കുറയാനും പാലിലെ കൊഴുപ്പ്/ കൊഴുപ്പിതര ഘടകങ്ങളുടെ കുറവിനും അതു വഴി വരുമാനം കുറയാനും ഇത് കാരണമാകുന്നു. സാധാരണയായി അകിടുവീക്ക രോഗമുള്ള പശുക്കൾ രോഗത്തിന്റെ തീവ്രതയനുസരിച്ച് പലവിധത്തിലുള്ള ലക്ഷണങ്ങൾ പ്രകടിപ്പിക്കുന്നതിനാൽ യഥാസമയം ചികിത്സ ലഭ്യമാക്കാൻ സാധിക്കും. എന്നാൽ ചിലപ്പോൾ അകിടുവീക്ക രോഗലക്ഷണങ്ങൾ കാണിക്കാത്ത സബ്ക്ലിനിക്കൽ അകിടുവീക്കം (Sub Clinical Mastitis) ബാധിച്ചിട്ടുള്ള പശുക്കളെ കർഷകർക്ക് തിരിച്ചറിയാനും യഥാസമയം ചികിത്സ ലഭ്യമാക്കാനും സാധിക്കാതെ വരുന്നു. ഇത്തരം പശുക്കളിൽ പാലുത്പാദനവും ഗുണനിലവാരവും കുറയുന്നു എന്നു മാത്രമല്ല മറ്റ് പശുക്കളിലേക്ക് രോഗവ്യാപനവും ഉണ്ടാകുന്നു.

സബ്ക്ലിനിക്കൽ അകിടുവീക്ക രോഗത്തെക്കുറിച്ച് ക്ഷീരകർഷകരിൽ അവബോധം സൃഷ്ടിക്കുന്നതിനായി ഒരു കൃഷിയിട പരീക്ഷണം വള്ളികുന്നം, താമരക്കുളം പഞ്ചായത്തുകളിലെ 50 ക്ഷീരകർഷകർക്ക് സി.എം.റ്റി. (Californian Mastitis test) കിറ്റ് നൽകി കൊണ്ട് നടപ്പാക്കുകയുണ്ടായി. കിറ്റ് ഉപയോഗിച്ച് പരിശോധന നടത്തിയതിൽ 90% പശുക്കൾക്കും സബ്ക്ലിനിക്കൽ അകിട് വീക്കം ഉള്ളതായി കണ്ടെത്തി.

**പരിശോധന എങ്ങനെ :** മുലക്കാമ്പിൽ നിന്നും വരുന്ന ആദ്യത്തെ പാൽ ഒഴിവാക്കി തുടർന്ന് വരുന്ന പാൽ 4 അറകളുള്ള പ്രത്യേക പാത്രത്തിൽ 2 മില്ലി വീതം ഒഴിക്കുക. ഇതിലേക്ക് 2 മില്ലി റിയേജന്റ് ലായിനി ചേർത്ത് യോജിപ്പിച്ചാൽ 10 സെക്കന്റിനുള്ളിൽ അകിട് വീക്കമുള്ള പശുക്കളുടെ പാൽ ജെൽ രൂപത്തിലാകും.

**പ്രതിവിധി :** കാലിഫോർണിയൻ മാസ്റ്റൈറ്റിസ് ടെസ്റ്റ് ഫലം പോസിറ്റീവാണെങ്കിൽ ട്രൈസോഡിയം സിട്രേറ്റ് എന്ന മരുന്ന് ഒരു കിലോഗ്രാം ശരീരഭാരമുള്ള പശുവിന് 30 മില്ലി ഗ്രാം എന്ന തോതിൽ കുടിക്കുന്ന വെള്ളത്തിൽ 7 ദിവസം നൽകണം. രോഗബാധയുടെ കാഠിന്യം കൂടുതലാണെങ്കിൽ ആന്റിബയോട്ടിക് ചികിത്സ ആവശ്യമായി വരും.

**മുൻകരുതൽ**

- തൊഴുത്ത് വൃത്തിയായും അണുനാശിനി ഉപയോഗിച്ച് അണുവിമുക്തമായും സൂക്ഷിക്കുക.
- ശാസ്ത്രീയവും ശുചിത്വവുമായ കറവരീതി അനുവർത്തിക്കുക.
- കറവയ്ക്ക് ശേഷം മുലക്കാമ്പുകൾ അണുനാശിനി ലായിനിയിൽ മുക്കുക. ശുചിത്വം പാലിക്കുക.

# ഉപ്പിലിട്ട് സൂക്ഷിക്കാം പച്ചച്ചക്ക

മഴക്കാലം പിന്നിടുമ്പോഴും ചിലയിടങ്ങളിലെങ്കിലും വൈകികായ്ച്ച പ്ലാവുകളിൽ ചക്ക അവശേഷിക്കാറുണ്ട്. ചക്കയിൽ ജലാംശം കൂടുതലായതിനാലും ശക്തമായ വെയിൽ ലഭിക്കാത്തത് കൊണ്ടും മഴക്കാലത്ത് ചക്ക ഉണക്കി സൂക്ഷിക്കുന്നത് ശ്രമകരമാണ്. ഇതിനൊരു പ്രതിവിധിയാണ് പച്ചച്ചക്ക ഉപ്പിലിട്ട് സൂക്ഷിക്കുക എന്നത്. ദീർഘകാലം സൂക്ഷിച്ചുവെക്കാം എന്നതാണ് വളരെ ലളിതമായ ഈ രീതിയുടെ പ്രത്യേകത. കർണ്ണാടകത്തിലും കാസറഗോഡും ഈ രീതി പ്രചാരത്തിലുണ്ട്.




മൂന്നരമാസം മുതൽ മൂപ്പ് ഉള്ള ചക്ക ഇതിന് അനുയോജ്യമാണ്. ഉപ്പിലിട്ട് വയ്ക്കുന്നതിന് ചീനഭരണി, മൺപാത്രങ്ങൾ, ഫുഡ് ഗ്രേഡിലുള്ള പ്ലാസ്റ്റിക് ടബുകൾ എന്നിവ ഉപയോഗിക്കാം. പാത്രം നന്നായി കഴുകി വെയിലത്തുണക്കിയെടുക്കണം. പച്ചച്ചക്ക വൃത്തിയാക്കി അനുയോജ്യമായ വലുപ്പത്തിൽ നുറുക്കിയെടുക്കണം. മണ്ണും പൊടിയും ഉണ്ടെങ്കിൽ കഴുകി വെള്ളം വാർത്ത് പോകാൻ വെയ്ക്കണം. ഒരു കിലോ ചക്കയ്ക്ക് 120 ഗ്രാം ഉപ്പ് എന്ന തോതിലാണ് ചേർക്കേണ്ടത്. പാത്രത്തിൽ ചക്ക ഒരടുക്ക് ഇട്ടതിന് ശേഷം ഉപ്പ് വിതറുക. ഇങ്ങനെ ഒന്നിടവിട്ട് അടുക്കകളാക്കി ചക്കയും ഉപ്പും നിറയ്ക്കണം. പാത്രം നിറഞ്ഞ ശേഷം വൃത്തിയാക്കിയ ഒരു ഗ്രാനൈറ്റ് കഷ്ണമോ ഭാരമുള്ള മറ്റേതെങ്കിലും വസ്തുവോ വെച്ച് നന്നായി അമർത്തി അതിന് മേൽ ഭാരം വച്ച് പാത്രം അടയ്ക്കുക. ഉപ്പ് ചേർത്തിട്ടുള്ളതിനാൽ ചക്കയിലുള്ള ജലാംശം പുറത്ത് വരാൻ തുടങ്ങും. നന്നായി അമർന്നിരുന്നാൽ ജലാംശം വേഗത്തിൽ പുറത്ത് വന്ന്, ചക്കയുടെ മുകളിൽ ഉപ്പുവെള്ളം നിറയും. ഇതിൽ നിന്ന് അല്പമെടുത്ത് 5 ഗ്രാം പൊട്ടാസ്യം മെറ്റാബൈസൾഫേറ്റ് ചേർത്ത് തിരികെ പാത്രത്തിൽതന്നെ ഒഴിക്കുക. ചക്കയുടെ മുകളിൽ കുമിളുകൾ/ബാക്ടീരിയ/യീസ്റ്റ് എന്നിവ വളരാതിരിക്കാൻ ഇത് സഹായിക്കും.

ഉപയോഗിക്കുന്നതിന് മുമ്പ് ആവശ്യത്തിനുള്ള ചക്ക 10–12 മണിക്കൂർ ചെറുചൂട് വെള്ളത്തിൽ വച്ചിരുന്നാൽ ഉപ്പിന്റെ അംശം പൂർണ്ണമായും നീക്കം ചെയ്യാനാകും.

# വെറ്റിലയ്ക്ക് വേണം അതീവ ശ്രദ്ധ




ആലപ്പുഴ ജില്ലയിലെ വിവിധ പഞ്ചായത്തുകളിൽ വീടിനോട് ചേർന്നോ പാട്ടത്തിനെടുത്തോ ധാരാളം കർഷകർ വെറ്റില കൃഷി ചെയ്തുവരുന്നു. കുറച്ചു സ്ഥലത്തു നിന്നും മെച്ചപ്പെട്ട ആദായം നൽകുന്ന ഈ വിളയ്ക്ക് അതീവ ശ്രദ്ധയും പരിചരണവും ആവശ്യമാണ്.

തോട്ടത്തിലെ തണലും സ്വതവേയുള്ള ഈർപ്പവും ഈ വിളയിൽ രോഗങ്ങൾ ബാധിക്കുവാനുള്ള അനുകൂല ഘടകങ്ങളാണ്. ഇലകൾക്ക് ചെറുതായെങ്കിലും രോഗ ബാധയേറ്റാൽ വിറ്റഴിക്കാൻ കഴിയില്ല എന്നത്കൊണ്ട് തന്നെ രോഗത്തെ തടയുവാനായി പ്രതിരോധ മാർഗ്ഗങ്ങൾ അവലംബിക്കേണ്ടത് അത്യാവശ്യമാണ്. മിത്ര ബാക്ടീരിയയായ *സ്യൂഡോമോണാസ് ഫ്ളൂറസൻസും* മിത്രകുമിളായ ട്രൈക്കോഡെർമയും ഉപയോഗിക്കുന്നതു വഴി വെറ്റില രോഗങ്ങളെ ഒരു പരിധിവരെ ചെറുത്തു നിർത്താം.

- വള്ളിത്തലകൾ നടുന്നതിനു മുമ്പായി 250 ഗ്രാം *സ്യൂഡോമോണാസ് ഫ്ളൂറസൻസ്* പൊടി 750 മി.ലി. വെള്ളത്തിൽ കലർത്തിയ ലായനിയിൽ 15–20 മിനിറ്റ് മുക്കിവെച്ചതിനു ശേഷം നടാവുന്നതാണ്.
- സ്യൂഡോമോണാസ് ഫ്ളൂറസൻസ് 20 ഗ്രാം പൊടി അല്ലെങ്കിൽ 5 മി.ലി. ദ്രാവകം ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ കലർത്തി ഇലകളുടെയും വള്ളികളുടെയും എല്ലാ ഭാഗത്തും വീഴത്തക്കവിധം മഴക്കാലങ്ങളിൽ രണ്ടാഴ്ച കൂടുമ്പോഴും അല്ലാത്ത അവസരങ്ങളിൽ മൂന്നാഴ്ച കൂടുമ്പോഴും തളിക്കണം. ചെറിയ കണികകളായി വീഴത്തക്കവിധം സ്പ്രേ ചെയ്യുക. മണ്ണ് കുതിരുന്ന വിധത്തിൽ വാരങ്ങളിൽ ഒഴിച്ച് കൊടുക്കുകയും ചെയ്യണം.
- ട്രൈക്കോഡെർമ ചേർത്ത് സമ്പുഷ്ടീകരിച്ച ജൈവവള മിശ്രിതം വേണം തടങ്ങളിൽ ഇട്ടു കൊടുക്കേണ്ടത്.

രോഗബാധ കണ്ടുതുടങ്ങിയ തോട്ടങ്ങളിൽ രോഗലക്ഷണം കാണപ്പെടുന്ന ഇലകളും കൊഴിഞ്ഞു വീണ ഇലകളും ശേഖരിച്ച് കത്തിച്ച് കളയണം. ഈ തോട്ടത്തിൽ/വാരത്തിൽ നിന്നും വെള്ളം രോഗബാധയില്ലാത്ത തോട്ടത്തിലേക്കോ വാരത്തിലേക്കോ കടത്തി വിടാതിരിക്കുക. രോഗലക്ഷണം കാണപ്പെടാത്ത വാരങ്ങളിൽ ജലസേചനം, വിള വെടുപ്പ്, വളപ്രയോഗം തുടങ്ങിയവ നടത്തിയതിനുശേഷം മാത്രമേ രോഗമുള്ള വാരങ്ങളിൽ പരിചരണം നടത്താവൂ. രോഗം കണ്ടു തുടങ്ങിയതിനു ശേഷം നിയന്ത്രിക്കുന്നതിനെക്കാൾ നല്ലത് രോഗം വരാതെ നോക്കുന്നതാണ്.



# തെങ്ങിന്റെ ചങ്ങാതിക്കൂട്ടം പരിശീലനം



ഭാരതീയ കാർഷിക നൈപുണ്യ വികസന കൗൺസിലിന്റെ ധനസഹായത്തോടെ ജില്ലയിലെ തെരഞ്ഞെടുക്കപ്പെട്ട 20 കർഷകർക്കായി 'തെങ്ങിന്റെ ചങ്ങാതിക്കൂട്ടം' പരിശീലന പരിപാടി സംഘടിപ്പിച്ചു. 2020 ഫെബ്രുവരി മുതൽ ജൂൺ വരെ നീണ്ടു നിന്ന 200 മണിക്കൂർ ദൈർഘ്യമുള്ള പരിശീലന പരിപാടിയിൽ യന്ത്രമുപയോഗിച്ചുള്ള തെങ്ങ് കയറ്റ പരിശീലനത്തിനാണ് കൂടുതൽ പ്രാധാന്യം നൽകിയത്. തെങ്ങിന്റെ വളപ്രയോഗം, കീടരോഗ നിയന്ത്രണം എന്നിവയിലും, തെങ്ങ് കൃഷിയുടെ അനുബന്ധ പ്രവർത്തനങ്ങളായ വിത്ത് തേങ്ങ സംഭരണം, തെങ്ങിൻ തൈ ഉത്പാദനം, തൈത്തെങ്ങുകളുടെ പരിചരണം എന്നിവയിലും പരിശീലനം നൽകി. പരിശീലനാർത്ഥികൾക്ക് ബാങ്കിങ്ങ്, സംരഭകത്വ വികസനം എന്നീ വിഷയങ്ങളിലും അവബോധം നൽകി. പരിശീലനത്തിന്റെ ഭാഗമായി ദേവികുളങ്ങര പഞ്ചായത്തിലെ കർഷകനായ ശ്രീ. എം. ബാബുവിന്റെ കൃഷിയിടത്തിൽ തെങ്ങു കയറ്റത്തിലും വിളവെടുപ്പിലും രോഗകീട നിയന്ത്രണ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിലും ആവശ്യമായ പ്രായോഗിക പരിശീലനം നൽകി.

Printed & Published by: **Dr. (Mrs.) Anitha Karun**, Acting Director, ICAR-CPCRI, Kasaragod
Co-ordination & Editing: **Dr. P. Muralidharan**, Principal Scientist & Head. Text, Layout & Compilation: **Rajeev M.S.**
Technical Inputs: **Dr. S. Ravi, Lekha G., Dr. K. Sajnanath, Jissy George & Dr. T. Sivakumar**
Technical Support : **Ansary K.M., Bijila P.V., Arathy J., & Sunayana S.**